പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2488 — 14.6.2019 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാരികളെ ആകർഷിക്കാൻ വിപണനതന്ത്രം

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.പുരുഷൻ കടലുണ്ടി : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | സി.എൻ.എൻ ട്രാവൽ പോലുള്ള പ്രമുഖ അന്താരാഷ്ട്ര ചാനൽ വിനോദസഞ്ചാരികൾ കണ്ടിരിക്കേണ്ട പ്രധാനസ്ഥലങ്ങളിലൊന്നായി വിലയിരുത്തിയിട്ടുള്ള കേരളത്തിലേക്ക് വിദേശത്തുനിന്നും രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ സർക്കാർ നടത്തുന്ന വിപണനതന്ത്രങ്ങൾ എന്തെല്ലാമാണ്; | എ) | വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് വിവിധ പരിപാടികൾ നടത്തി വരുന്നുണ്ട്. മറ്റു സംസ്ഥാനത്ത് നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഏപ്രിൽ-ജൂൺ മാസങ്ങളിലായി ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ സംഘടിപ്പിക്കുന്നുണ്ട്. സിനിമ തിയ്യേറ്ററുകൾ, മാളുകൾ, എയർപോർട്ടുകൾ, ടിവി, റേഡിയോ, പ്രിന്റ് ഡിജിറ്റൽ എന്നീ മാർഗ്ഗങ്ങളിലൂടെയുള്ള കേരള ടൂറിസത്തിന്റെ പ്രചരണം ഇത്തവണ Human by nature എന്ന ലേബലിൽ നടത്തുന്നുണ്ട്.<br>അറബ് രാജ്യങ്ങളായ സൗദി, ദുബായ്, ഒമാൻ, കുവൈറ്റ് എന്നിവ കേന്ദ്രീകരിച്ച് ജൂൺ മുതൽ മിഡിൽ ഈസ്റ്റ് കാമ്പയിനും നടത്തുന്നുണ്ട്. 2019 ജനുവരി മുതൽ മൂന്നുമാസക്കാലം നടത്തിയ ബ്രാന്റ് ക്യാമ്പയിൻ മികച്ച പ്രതികരണമാണ് ഉണ്ടാക്കിയത്. നാഷണൽ/ഇന്റർനാഷണൽ ബ്രാന്റ് ക്യാമ്പയിൻ യൂറോപ്പ് O.O.H (Out Of Home) (എയർപോർട്ടുകളായ ലണ്ടൻ, ഹീത്രു, ഫ്രാൻസ്, പാരീസ്,ദുബായ്, സിങ്കപ്പൂർ, ജർമ്മനി) അമേരിക്കയിലെ ന്യൂയോർക്ക് ടൈം സ്ക്വയർ പരസ്യം, ലോസ് ആഞ്ചൽസ് എയർപോർട്ട് O.O.H, യൂറോപ്പ് ബ്രാന്റ് ക്യാമ്പയിൻ എന്നിവയും നടത്തിക്കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | കേരളത്തെക്കുറിച്ച് വിദേശങ്ങളിൽ സോഷ്യൽമീഡിയ ഇൻഫ്ളുവൻഷ്യൽ പ്രോഗ്രാം ആയ കേരള ബ്ലോഗ് എക്സ്പ്രസ് മികച്ച പ്രതികരണമാണ് ഉണ്ടാക്കുന്നത്. വിദേശ രാജ്യങ്ങളിലെ 30 ഓളം ട്രാവൽ ബ്ലോഗർമാരെ കേരളത്തിലേയ്ക്ക് ക്ഷണിച്ച് വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് ബ്ലോഗിൽ എഴുതുന്ന ബ്ലോഗ് എക്സ്പ്രസ് കേരള ടൂറിസത്തിന്റെ മികച്ച പ്രചരണ പരിപാടിയാണ്. ഇന്ത്യക്കകത്തും പുറത്തും സംസ്ഥാന ടൂറിസം വകുപ്പ് ട്രേഡുമായി ചേർന്ന് നടക്കുന്ന പാർട്ട്ണർഷിപ്പ് ബി2ബി മീറ്റുകൾ കേരള ടൂറിസം വിപണനത്തിന് മികച്ച ഒരു മാർഗ്ഗമാണ്. രാജ്യത്തെ 20 ഓളം പ്രമുഖ പട്ടണങ്ങളിൽ മീറ്റ് സംഘടിപ്പിച്ചുവരുന്നു. വിദേശത്തും പ്രമുഖ പട്ടണങ്ങളിൽ ബി2ബി മീറ്റുകൾ സംഘടിപ്പിച്ചുകഴിഞ്ഞു. വിവിധ ട്രേഡ് ഫെയറുകളിലും വകുപ്പ് പങ്കെടുക്കുന്നുണ്ട്. രാജ്യത്തെ 20 ഓളം പ്രമുഖ ട്രേഡ് ഫെയറുകളിലും വിദേശത്തെ പ്രമുഖ ട്രേഡ് ഫെയറുകളിലും വകുപ്പ് പങ്കെടുക്കുന്നുണ്ട്. എല്ലാ വർഷവും ഇതേ മേളകളിൽ വകുപ്പ് പങ്കെടുത്ത് സംസ്ഥാന ടൂറിസം പ്രചരണം നല്ല രീതിയിൽ നടത്തി വരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ ഓണം/നിശാഗന്ധി ഡാൻസ്-മ്യൂസിക് പരിപാടികളും ടൂറിസം പ്രചരണത്തിന് ഉപയോഗിക്കാൻ നടപടികൾ എടുത്തുവരുന്നു. |
| ബി) | സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾ സന്തുഷ്ടരായി മടങ്ങുന്നതാണ് ഏറ്റവും നല്ല വിപണനതന്ത്രമെന്നത് കണക്കിലെടുത്ത് വിനോദസഞ്ചാരകേന്ദ്രങ്ങളുടെ ശുചിത്വപരിപാലനത്തിനും മികച്ച താമസസൗകര്യവും | ബി) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ടുവരുന്നു. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാധ്യത വിലയിരുത്തി ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വകുപ്പ് പ്രത്യേക ശ്രദ്ധ |

| | | | |
|---|---|---|---|
| | വിനോദസഞ്ചാരകേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഗതാഗതസൗകര്യവും ഏർപ്പെടുത്തുന്നതിനും സർവ്വോപരി അതിഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | | ചെലുത്തുന്നു. വിശ്രമസങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയ് ലറ്റ് സംവിധാനം, കഫറ്റീരിയ തുടങ്ങിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി ' ഗ്രീൻ കാർപ്പറ്റ് ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. നിലവിൽ 78 വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന ' ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പയിൻ ' പദ്ധതിയും, ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ട് തന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന 'ബാരിയർ ഫ്രീ' ടൂറിസം പദ്ധതി പ്രധാനപ്പെട്ട എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സാധ്യതയുടെ അടിസ്ഥാനത്തിൽ നടപ്പാക്കി വരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ വകുപ്പ് തുടർച്ചയായി നടപ്പാക്കി വരുന്നുണ്ട്. സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസം സെന്ററുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ |

| | | | |
|---|---|---|---|
| | | | സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ അപകട മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം കോവളം ഡെസ്റ്റിനേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ട്.<br>വിനോദസഞ്ചാരമേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരികയാണ്. |
| സി) | സംസ്ഥാനത്തെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ഭൂരിഭാഗവും പരിസ്ഥിതി പ്രാധാന്യമുള്ളവയായതിനാൽ ഇത്തരം സ്ഥലങ്ങളുടെ ശേഷിക്കനുസരിച്ച് വേണ്ട ക്രമീകരണം നടത്തുന്നതിനും പരിസ്ഥിതി സൗഹൃദ നിർമ്മാണരീതികൾ അവലംബിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ? | സി) | സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള 2017-ലെ ടൂറിസം നയത്തിൽ, പരിസ്ഥിതി സംരക്ഷണത്തിന് അതിയായ ഊന്നൽ നൽകുന്നുണ്ട്. പരിസ്ഥിതി ലോല പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ, ആ പ്രദേശത്തിന് പാരിസ്ഥിതികമായി താങ്ങാവുന്നതാണെന്ന് ഉറപ്പുവരുത്തുവാൻ പുതിയ ടൂറിസം നയത്തിൽ നിഷ്കർഷിക്കുന്നുണ്ട്. ഇതിനനുസൃതമായ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ